(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭരണസംവിധാനം അഴിച്ചു പണി

1 (2930) ശ്രീ. പാലോട് രവി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. എ.കെ. മണി :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഭരണസംവിധാനം അഴിച്ചു പണിയുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ;

(സി) സെൻകമ്മിറ്റി റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ട്;

(ഡി) ഇനി ഏതെല്ലാം ശുപാർശകൾ ആണ് നടപ്പാക്കാനുള്ളത്?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തിന്റെ ഭരണസംവിധാനം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഭരണപരിഷ്കാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി, ഇതിനോടകം മൂന്ന് റിപ്പോർട്ടുകൾ സർക്കാരിന് നൽകുകയുണ്ടായി. അവ സർക്കാരിന്റെ പരിഗണനയിലാണ്.

(സി)&(ഡി) സെൻ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല. രണ്ട് ഇടക്കാല റിപ്പോർട്ടുകളും അന്തിമ റിപ്പോർട്ടിന്റെ എ.ബി.സി. ഭാഗങ്ങളും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇവ മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് ശുപാർശകൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന പ്ലാനിംഗ് ബോർഡ്

2 (2931) ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി രാധാ രാഘവൻ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പർമാർ ആരൊക്കെയാണ്;

(ബി) ഇവർക്ക് ഓരോരുത്തർക്കും ഔദ്യോഗിക വാഹനം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വാഹനങ്ങൾ 1999 മാർച്ച് 31 വരെ എത്ര കിലോമീറ്റർ ഓടിയിട്ടുണ്ട്; ഈ വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിനു വേണ്ടി ഈ കാലയളവിൽ എന്തു തുക ചെലവായി;

(ഡി) പ്ലാനിംഗ് ബോർഡ് മെമ്പർമാരുടെ ഫോൺ ബില്ലിനത്തിൽ 1999 മാർച്ച് 31 വരെ എന്തു തുക ചെലവായി?

ഉത്തരം

(എ) ചെയർമാനും വൈസ് ചെയർമാനും കൂടാതെ സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പർമാർ താഴെപ്പറയുന്നവരാണ്.

1. ബഹു. ധനകാര്യ വകുപ്പു മന്ത്രി
2. ബഹു. വ്യവസായ സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി
3. ബഹു. വിദ്യാഭ്യാസ, പൊതുമരാമത്തു വകുപ്പു മന്ത്രി
4. ബഹു. ഭക്ഷ്യ, ടൂറിസം, നിയമ വകുപ്പു മന്ത്രി
5. ഡോ. തോമസ് ഐസക്ക്.
6. ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാട്
7. ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ
8. ഡോ. ബി. ഇക്ബാൽ
9. ശ്രീ. എം.കെ. സാംബമൂർത്തി

(ബി) മന്ത്രിമാരായ അംഗങ്ങൾ ഒഴികെയുള്ളവരിൽ ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാട് മാത്രമാണ് ഫുൾടൈം അംഗമായിട്ടുള്ളത്. ഡോ.തോമസ് ഐസക് 30.10.1998 വരെ ഫുൾടൈം അംഗമായിരുന്നു. 31.10.1998 മുതൽ ഇദ്ദേഹം പാർട്ടൈം അംഗമാണ്. ഫുൾടൈം അംഗമായ ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാടന് ഔദ്യോഗിക വാഹനം നൽകിയിട്ടുണ്ട്. പാർട്ടൈം അംഗങ്ങളായ ഡോ. തോമസ് ഐസക്, ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ, ഡോ. ബി. ഇക്ബാൽ, ശ്രീ. എം.കെ. സാംബമൂർത്തി എന്നിവർക്ക് ബോർഡിന്റെ ഔദ്യോഗിക കൃത്യനിർവഹണത്തിനുവേണ്ടി ഓഫീസ് വാഹനം നൽകാറുണ്ട്.

(സി) ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാട് ഉപയോഗിച്ച വാഹനം 1999 മാർച്ച് 31 വരെ 65956 കിലോമീറ്റർ ഓടിയിട്ടുണ്ട്. ഈ കാലയളവിൽ ഈ വാഹനത്തിന് റിപ്പയർ ചാർജ്ജിനത്തിൽ 68964 രൂപ ചിലവായിട്ടുണ്ട്. ഡോ. തോമസ് ഐസക്ക് ഉപയോഗിച്ച വാഹനം 30.10.1998 വരെ 81646 കിലോ മീറ്റർ ഓടിയിട്ടുണ്ട്. ഈ വാഹനത്തിന് റിപ്പയർ ചാർജ്ജിനത്തിൽ 32616 രൂപ ചെലവായിട്ടുണ്ട്.

(ഡി) പ്ലാനിംഗ്ബോർഡ് മെമ്പർമാരുടെ ഫോൺ ബില്ലിനത്തിൽ (ഓഫീസും വീടുമുൾപ്പെടെ) 1999 മാർച്ച് 31 വരെ 6,25,039 രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly